**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II

# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**
**(2011-2012)**

**FIRST REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2011-2012)**

2011 സെപ്തംബർ 26–ാം തീയതി സമർപ്പിച്ചത്

(Presented on 26th September, 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്റ്റ് കമ്മിറ്റി II**

**(SUBJECT COMMITTEE II)**

**ഭൂനികുതിയും ദേവസ്വവും**

**(LAND REVENUE AND DEVASWOM)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**

**ഒന്നാമത് റിപ്പോർട്ട് (2011-2012)**

# FIRST REPORT
# ON
# THE SCRUTINY OF DEMANDS FOR GRANTS

**(2011-2012)**

811/2011.

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2011-2012)

### ഘടന

ചെയർമാൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
റവന്യൂ വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൾ റസാക്
,, ബാബു എം. പാലിശ്ശേരി
,, സി. കെ. നാണു
,, എ. പ്രദീപ്കുമാർ
,, പാലോട് രവി
,, സി. കെ. സദാശിവൻ
,, വി. പി. സജീന്ദ്രൻ
,, എൻ. ഷംസുദ്ദീൻ
,, വി. എസ്. സുനിൽ കുമാർ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. രാജു വൈ., അണ്ടർ സെക്രട്ടറി.

# അവതാരിക

2011-2012 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2011 ജൂലൈ 26, ആഗസ്റ്റ് 1 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | VI | — ഭൂനികുതി |
| ധനാഭ്യർത്ഥന നമ്പർ | XI | — ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ | XX | — ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ | XXVI | — പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് |
| ധനാഭ്യർത്ഥന നമ്പർ | XXVIII | — പലവക സാമ്പത്തിക സർവ്വീസുകൾ |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പേർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2011 ആഗസ്റ്റ് മാസം 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2011 സെപ്റ്റംബർ 26.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*

## റിപ്പോർട്ട്

### ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

വോട്ട് ചെയ്തത് : 337,00,64,000 രൂപ

ചാർജ് ചെയ്തത് : 1,41,000 രൂപ

2029-00-001-99-05 (4)—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം .. 7,42,000 രൂപ

1. ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഈ കണക്കിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-001-99-05(3)—ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം .. 43,57,000

2. 14-2-2010-ലെ ജി.ഒ. (എംഎസ്.) നമ്പർ 508/2010/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പിലെ എല്ലാ വില്ലേജാഫീസർമാർക്കും മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ 83,24,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. വില്ലേജാഫീസുകളുടെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. സ്വന്തം ഓഫീസ് കെട്ടിടം ഇല്ലാത്ത വില്ലേജുകളിൽ സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യമടക്കമുള്ള അവശ്യ സൗകര്യങ്ങളോടു കൂടിയ കെട്ടിടം പണിയണമെന്നും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉൾപ്പെടെയുള്ള കമ്പ്യൂട്ടർവൽകൃത ഓഫീസുകളായി ആധുനികവൽക്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2029-00-101-99(04)-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം .. 35,12,000 രൂപ

4. സംസ്ഥാനത്താകമാനമുള്ള വില്ലേജ് ജീവനക്കാരുടെ യാത്രാബത്ത വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-800-77—റവന്യൂ വകുപ്പിന്റെ കീഴിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം

ബഡ്ജറ്റ് വിഹിതം .. 1,00,00,000 രൂപ

5. 17-6-2010-ലെ ജി.ഒ.(ആർറ്റി.) 3867/2010/ആർ.ഡി ഉത്തരവിലൂടെ തൃശ്ശൂർ താലൂക്കാഫീസ് മന്ദിരത്തിന്റെ സംരക്ഷണത്തിന് 50 ലക്ഷം രൂപയുടെ

ഭരണാനുമതിയും ഫണ്ടും ലഭ്യമായിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിക്കാത്തതിനാൽ ടി തുക സറണ്ടർ ചെയ്തതായും മാനന്തവാടി, വൈത്തിരി താലൂക്കാഫീസുകളുടെ സംരക്ഷണത്തിന് 13.4 ലക്ഷം രൂപയുടെ ഭരാണാനുമതി 1-11-2010-ലെ ജി.ഒ.(ആർറ്റി.) 4699/2010/ആർ.ഡി. നമ്പർ ഉത്തരവിലൂടെ ലഭ്യമായ തായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തൃശ്ശൂർ, മാനന്തവാടി, വൈത്തിരി താലൂക്കാഫീസുകളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 63,40,000 രൂപ ഉൾപ്പെടെ ആകെ 1,63,40,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-800-92—ജന്മിക്കരം (നിർത്തലാക്കൽ) നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകൽ

ബഡ്ജറ്റ് വിഹിതം .. 5,00,000 രൂപ

6. ഈ ശീർഷകത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക വിതരണം ചെയ്യുന്നതിന് മതിയായ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സർവ്വെയും ഭൂരേഖയും വകുപ്പ്**

2029-00-102-95-21(1)
2029-00-102-99-21(1) } .. മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം .. ഇല്ല.

7. ഈ വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉള്ളവയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തികവർഷവും തുക അനുവദിച്ചിരുന്നില്ല. ഈ ശീർഷകത്തിൽ 20,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-102-95-02—വേതനം

ബഡ്ജറ്റ് വിഹിതം .. 61,76,000 രൂപ

8. സർവ്വെ വകുപ്പിലെ പാർട്ട്ടൈം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 64,98,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-102-99-04(1)—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം .. 2,25,000 രൂപ

9. ആധുനിക സർവ്വെ ഉപകരണങ്ങളിൽ പരിശീലനം നേടുന്നതിനു ഹൈദരാബാദിൽ ട്രെയിനിംഗിനു പോകുന്ന സർവ്വെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ പ്രത്യേക ഫണ്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ

ഈ ശീർഷകത്തിൽ 75,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2506-00-800-99—റവന്യൂ മെഷിനറി ശക്തിപ്പെടുത്തലും ഭൂമി സംബന്ധമായ റിക്കാർഡുകൾ ശരിയാക്കലും (50% കേന്ദ്ര സഹായം)

10. 2011-2012 സാമ്പത്തിക വർഷത്തിൽ റീസർവ്വെ ജോലികളുടെ പുരോഗതിക്കായി ടോട്ടൽ സ്റ്റേഷനുകളും ഡിജിറ്റൈസേഷൻ ജോലികൾക്കായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്നതിനും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓഫീസ് കെട്ടിടങ്ങൾക്ക് ഘട്ടം ഘട്ടമായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും സൂപ്രണ്ട് ഓഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകൾക്ക് ടെലിഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. സർവ്വെ ഡയറക്ടറേറ്റിനുവേണ്ടി പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുകയും ഇലക്ട്രിക്കൽ ജോലിക്കായി പ്രത്യേകമായി 120 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. റീസർവ്വെ സംബന്ധിച്ച പ്രവർത്തനങ്ങളുടെ കാലതാമസം പരിഗണിച്ച സമിതി, ഈ സ്ഥിതിക്ക് മാറ്റം വരേണ്ടത് വളരെ അനിവാര്യമാണന്ന് വിലയിരുത്തി. സർവ്വെ ഡിപ്പാർട്ട്മെന്റിന് കഴിയുന്ന വില്ലേജുകൾ ഏറ്റെടുത്ത് റീസർവ്വെ ചെയ്യേണ്ടതും ആറ് മാസത്തിനുള്ളിൽ എന്ത് പുരോഗതി കൈവരിച്ചു എന്ന് വിലയിരുത്തുന്നതിന് ഒരു സിസ്റ്റം ഉണ്ടാക്കേണ്ടതാണെന്നും ബാക്കി വില്ലേജുകൾ റീസർവ്വെ ചെയ്യുന്നതിനായി NIC പോലുള്ള ഇന്ത്യാഗവൺമെന്റ് സ്ഥാപനങ്ങളെ ഏർപ്പെടുത്തി നൂതന സാങ്കേതിക വിദ്യ സ്വീകരിച്ച് റീസർവ്വെ ജോലികൾ പൂർത്തിയാക്കേണ്ടതും ആയത് സർവ്വെ വകുപ്പ് പരിശോധിച്ച് സർട്ടിഫൈ ചെയ്ത് നൽകേണ്ടതാണെന്നും ഒന്നര വർഷത്തിനുള്ളിൽ സംസ്ഥാനത്തെ റീസർവ്വെ ജോലികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സർവ്വെ ആൻഡ് ലാന്റ് റിക്കോർഡ് വകുപ്പ് കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. സർവ്വെ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ**

2506-00-103-94—ഭൂരേഖകളുടെ ആധുനികവൽക്കരണം (എൻ.എൽ.ആർ.എം.പി.) ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം (100% കേന്ദ്ര സഹായം)

14. 100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 103.95 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVI

വോട്ട് ചെയ്തത് : 314,82,03,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2245—പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം

ബഡ്ജറ്റ് വിഹിതം .. 314,82,03,000 രൂപ

15. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്തത് .. 338,67,40,000 രൂപ

ചാർജ്ജ് ചെയ്തത് .. 1,04,49,000 രൂപ

2053-00-093-99-05(3)—ടെലഫോൺ ചാർജ്ജ്

ബഡ്ജറ്റ് വിഹിതം .. 74,04,000 രൂപ

16. 14-2-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 508/2010/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പിലെ ഓഫീസർമാർക്ക് മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട് എന്നിരിക്കിലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 5,81,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2053-00-093-99-34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം .. 21,99,000 രൂപ

17. റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും ലഘുഭക്ഷണം നൽകുന്നതിനുമായി ഏകദേശം 30 ലക്ഷം രൂപ ചെലവാക്കുന്നുണ്ടെന്നും, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോട്ടയം, പത്തനംതിട്ട ജില്ലകൾക്കായി 8,25,000 രൂപ ചെലവാകുന്നുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. മാത്രമല്ല, ഗോൾഫ് കോഴ്സ് ജീവനക്കാർക്കുള്ള ശമ്പളവും ഈ ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നത്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു.

2053-00-800-96—കുമരകം ബോട്ട്ജെട്ടി വികസനത്തിനായുള്ള പ്രത്യേക പദ്ധതി

ബഡ്ജറ്റ് വിഹിതം .. 1,000 രൂപ

18. കുമരകം ബോട്ട്ജെട്ടി വികസനത്തിനായി ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2053-00-800-98—സംസ്ഥാനത്തെ റവന്യൂ സർവ്വേ ഉദ്യോഗസ്ഥരുടെ കഴിവ് വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള റവന്യൂ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി-ധനസഹായം

ബഡ്ജറ്റ് വിഹിതം .. 36,00,000 രൂപ (നോൺ പ്ലാൻ)

.. 30,00,000 രൂപ (പ്ലാൻ)

19. റവന്യൂ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്ന റവന്യൂ ഇൻസ്റ്റിറ്റ്യൂട്ട് എന്നതിലുപരി, ആയത് ഒരു എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റേണ്ടത് വളരെ അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ILDM-നെ നല്ല രീതിയിൽ വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

ബഡ്ജറ്റ് വിഹിതം .. 6,000 രൂപ

20. തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് നൽകിവരുന്ന പ്രതിമാസ വേതനം 500 രൂപയിൽ നിന്നും 1,000 രൂപയായി പുതുക്കി നൽകുന്നതിന് ബഡ്ജറ്റ് വിഹിതം 12,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**മലബാർ ദേവസ്വം ബോർഡ്**

2250-00-103-87-31—മലബാർ ദേവസ്വം ബോർഡ്

2250-00-103-87-36

ബഡ്ജറ്റ് വിഹിതം .. 19,80,00,000 രൂപ

21. മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസ് കെട്ടിടം പണിയുന്നതിനായി സ്ഥലം വാങ്ങുന്നതിനും കാസർഗോഡ്, തലശ്ശേരി, മലപ്പുറം, പാലക്കാട്, ഡിവിഷണൽ ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിനുമായി പത്ത് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. മലബാർ ദേവസ്വം ബോർഡ് ആസ്ഥാന ഓഫീസിനായി അഴകൊടിയിൽ ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തണമെന്നും, കിട്ടിയില്ലെങ്കിൽ നഗരപ്രദേശത്ത് തന്നെ സ്ഥലം കണ്ടെത്തി എസ്റ്റിമേറ്റ് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

പൊതുക്ഷേത്രങ്ങൾക്കുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റ്

23. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതും, അടിയന്തിര ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതായ അനേകം ക്ഷേത്രങ്ങളുടെ അപേക്ഷകൾ ധനസഹായ ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ

കാര്യക്ഷമമായി നടത്തുന്നതിനും തുടങ്ങിവച്ച ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലേക്കുമായി ഈ ഇനത്തിൽ പത്ത് കോടി രൂപ വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ക്ഷേത്രങ്ങൾക്കുള്ള പ്രത്യേക ധനസഹായം

24. 2010-11 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡ് സ്വകാര്യ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ധനസഹായം അനുവദിച്ച സ്വകാര്യ ക്ഷേത്രങ്ങളിൽ 58 എണ്ണം പട്ടികജാതി/പട്ടികവർഗ്ഗം നടത്തിപ്പുകാരായിട്ടുള്ള ക്ഷേത്രങ്ങളാണ്. ഈ ഇനത്തിൽ അർഹമായ എല്ലാ അപേക്ഷകളും പരിഗണിക്കുന്ന തിന് അധിക ധനസഹായം അനുവദിക്കേണ്ടത് അത്യാവശ്യമായതിനാൽ ഈ ഇനത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ക്ഷേത്ര ജീവനക്കാരുടെ ശമ്പളകുടിശ്ശിക

25. ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ശമ്പള പരിഷ്കരണ ഫലമായി ക്ഷേത്രങ്ങൾക്കുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത കണ ക്കിലെടുത്ത് ഈ ഇനത്തിൽ 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കോടതി ചെലവുകൾ

26. ബോർഡ് രൂപീകരണത്തോടെ സർക്കാർ അഭിഭാഷകരുടെ സേവനം ലഭ്യമ ല്ലാതായ സാഹചര്യത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഒരു സ്റ്റാന്റിംഗ് കൗൺസിലിനെയും പയ്യന്നൂർ, പാലക്കാട്, ഒറ്റപ്പാലം എന്നീ സബ് കോടതികളിൽ ഓരോ സ്റ്റാന്റിംഗ് കൗൺസിലിനെയും ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. മറ്റ് സബ്കോടതികളിലും ജില്ലാ കോടതികളിലും അഭിഭാഷകരെ ഏർപ്പെടുത്തുന്നതിനും, അഭിഭാഷകരുടെ പ്രതിഫലം കോടതി ചെലവു കളുൾപ്പെടെ വിധിന്യായം നടപ്പിലാക്കൽ എന്നിവയ്ക്കായി ഈയിനത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ലാന്റ് കൺസർവൻസി യൂണിറ്റ്

27. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമി സംരക്ഷി ക്കുന്നതിനും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ച് പിടിക്കുന്നതിനും ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ യൂണിറ്റിലെ ജീവനക്കാരുടെ ശമ്പളം കേസ് നടത്തിപ്പ് എന്നിവ യ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. ദേവസ്വം ബോർഡും, റവന്യൂ വകുപ്പും ഒരു സംയുക്ത പരിശോധന നടത്തി ആറ് മാസത്തിനകം ക്ഷേത്രഭൂമി കണ്ടെത്തുന്നതിനും, പ്രായോഗികമായി വീണ്ടെടുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പുതിയ വാഹനങ്ങൾ, അറ്റകുറ്റപ്പണികൾ, പി.ഒ.എൽ. ചാർജ്ജസ് എന്നിവ

29. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള അഞ്ച് ഡിവിഷണൽ ഓഫീസുകൾക്ക് ക്ഷേത്രങ്ങൾക്കുള്ള കണക്ക് പരിശോധനയ്ക്കും അംശദായ പിരിവിനുമായി ഓരോ ജീപ്പ് വാങ്ങുന്നതിനും നിലവിലുള്ള മൂന്ന് വാഹനങ്ങളുടെ ഇന്ധനചെലവ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുമായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഓഫീസ് ചെലവുകൾ

30. മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുത ചാർജ്ജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലഫോൺ, പ്രിന്റിംഗ്, സ്റ്റേഷനറി, ഫർണിച്ചർ, മറ്റ് ഓഫീസ് ചെലവുകൾ കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ക്ഷേത്രങ്ങൾ ഭിത്തികെട്ടി സംരക്ഷണം

31. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഭൂമി സുരക്ഷിതമാക്കുന്നതിനായി ചുറ്റുമതിൽ നിർമ്മിക്കുന്നതിനും, കമ്പിവേലി കെട്ടുന്നതിനും അതിരുകൾ നിർണ്ണയിക്കുന്നതിനും ഭീമമായ തുക ആവശ്യമായി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിലേക്കായി രണ്ട് കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-103-86—ആചാരസ്ഥാനീയർക്കും, കോലധാരികൾക്കുമുള്ള മാസ അലവൻസ്

ബഡ്ജറ്റ് വിഹിതം .. 1,00,00,000 രൂപ

32. ഉത്തര മലബാറിലെ കാവുകളിലെ ആചാരസ്ഥാനീയർ, കോലധാരികൾ, എന്നിവർക്കായി വകയിരുത്തിയിരിക്കുന്ന തുക, അർഹരായ മുഴുവൻ അപേക്ഷകൾക്കും ധനസഹായം നൽകുന്നതിന് അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ വകയിരുത്തിയ തുക നാല് കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പുതിയതായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ ചെലവ്

33. മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജീവനക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തിക സൃഷ്ടിക്കുവാൻ തീരുമാനമായതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തസ്തിക അനുവദിച്ചതിനുശേഷം വേണ്ടിവരുന്ന അധിക സാമ്പത്തിക ബാദ്ധ്യത നേരിടുന്നതിനായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ക്ഷേത്രഭൂമിയിൽ പൂജാപുഷ്പങ്ങൾ വളർത്തുന്നതിനും കാവുകൾ സംരക്ഷിക്കുന്നതിനുമുള്ള ധനസഹായം

34. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ കോമ്പൗണ്ടിൽ നിന്ന് പൂജാപുഷ്പങ്ങൾ ലഭിക്കുന്നതിനാവശ്യമായ പുണ്യവൃക്ഷങ്ങളും ചെടികളും

നട്ടുവളർത്തുന്നതിനും, കാവുകൾ സംരക്ഷിക്കുന്നതിനുമായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

35. ആഗോളതാപനം ചെറുക്കുക എന്ന ലക്ഷ്യത്തോടെ ദേവസ്വം-വനം വകുപ്പുകൾ സംയുക്തമായി കേരളത്തിലെ മുഴുവൻ ക്ഷേത്രഭൂമിയിലും ക്ഷേത്രങ്ങൾക്ക് യോജിച്ച രീതിയിൽ വനവൽക്കരണം നടത്തുന്നതിന് ആവിഷ്ക്കരിച്ച ദേവാരണ്യം പദ്ധതി പുനരുദ്ധരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. ക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതും പുനർനിർമ്മിക്കുന്നതും പലപ്പോഴും ക്ഷേത്രാചാരങ്ങൾക്കും പൈതൃകത്തിനും യോജിച്ചരീതിയിലല്ല എന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്ഷേത്ര നിർമ്മാണ പ്രവർത്തനങ്ങൾ Eco-friendly ആയി നടത്തപ്പെടേണ്ടതാണെന്നും ഇതിനായി ആറൻമുള വാസ്തു വിദ്യാഗുരുകുലത്തിന്റെ സേവനം തേടേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

### ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിക്കുള്ള സർക്കാർ വിഹിതം

37. ഹിന്ദുമത ധർമ്മ (ഭരണ) വകുപ്പ് നിലവിലുണ്ടായിരുന്നപ്പോൾ 1993-ൽ തുടങ്ങിയ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയിൽ നിന്ന് നാമമാത്രമായ പെൻഷനും ഗ്രാറ്റുവിറ്റിയും മാത്രമാണ് വിരമിച്ച ജീവനക്കാർക്ക് നൽകിവരുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ പ്രതിവർഷം ഒരു കോടി രൂപവീതം അനുവദിക്കുകയോ അല്ലെങ്കിൽ ഗ്രാന്റായി 5 കോടി രൂപയെങ്കിലും അനുവദിക്കുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം

38. ജീർണ്ണാവസ്ഥയിലായ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. ജലാശയങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത സ്കീം ഇപ്പോൾ പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കണമെന്നും, ഈ സ്കീമിൽ പൊതു ഉപയോഗത്തിലുള്ള ക്ഷേത്രക്കുളങ്ങളെ കൂടി ഉൾപ്പെടുത്തണമെന്നുമുള്ള ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### 2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്

ബഡ്ജറ്റ് വിഹിതം .. 1,000 രൂപ

40. മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് നടത്തുന്നതിനുള്ള ചെലവിനത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

2215-02-105-95—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ബഡ്ജറ്റ് വിഹിതം .. 72,00,000 രൂപ

41. ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമല ക്ഷേത്രത്തിന്റെ ശുചീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

42. ശബരിമല മാസ്റ്റർ പ്ലാനിലെ പ്രധാന ഇനങ്ങൾ നടപ്പിലാക്കുന്നതിനായി 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് .. 86,04,97,000 രൂപ

ചാർജ്ജ് ചെയ്തത് .. ഇല്ല

3475-00-201-81—1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ച ഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ് (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം .. 1,000 രൂപ

43. ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യുന്ന കാലഘട്ടം വരെയും പൊതുകാര്യത്തിന് ലാൻഡ്ബോർഡ് ഉത്തരവ് പ്രകാരം റിസർവ്വ് ചെയ്യപ്പെടുന്നത് സ്ഥായിയായും സംരക്ഷിക്കുന്ന ചെലവ്, കർഷക തൊഴിലാളികൾക്ക് പതിച്ചു നൽകുന്നതുവരെയുള്ള ചെലവ്, സർവ്വെ നടത്തുന്നതിനുള്ള ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി 20 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തേക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3475-00-201-93—കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന്-മറ്റ് ചെലവുകൾ (നോൺ പ്ലാൻ).

ബഡ്ജറ്റ് വിഹിതം .. 18,00,000 രൂപ

44. കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത് കൊണ്ട് നഷ്ടം വഹിക്കേണ്ടിവന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിൽ തുക വിനിയോഗിക്കുന്നത്. പാവപ്പെട്ട മുൻ ജന്മിമാർക്ക് പ്രതിമാസം നൽകിവരുന്ന പെൻഷനായ 500 രൂപ 1,500 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

2053-00-800-90-34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം .. 85,00,000 രൂപ

45. ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റും ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റും സംയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തുന്നത് എന്ന് വിലയിരുത്തിയ സമിതി ദുരന്ത നിവാരണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുന്നു.

1. ബഹുനില കെട്ടിടങ്ങളിൽ തീപിടുത്തം ഉണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഏരിയൽ പ്ലാറ്റ്ഫോം ലാഡർ പോലുള്ള ഉപകരണങ്ങൾ വാങ്ങണമെന്നും രക്ഷാപ്രവർത്തനങ്ങൾക്കായി നല്ല പരിശീലകരെ ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2. വെള്ളത്തിൽ വീണുണ്ടാകുന്ന അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ്, അണ്ടർ വാട്ടർ അൾട്രാവയലറ്റ് ടോർച്ച് ലൈറ്റ്, എന്നീ ഉപകരണങ്ങളും ഔട്ട്ബോർഡ് എൻജിനോടുകൂടിയ ഇൻഫ്ളാറ്റബിൾ ബോട്ടുകൾ എന്നിവ അനിവാര്യമാണ് എന്നതിനാൽ ഇത്തരം ഉപകരണങ്ങൾ വാങ്ങണമെന്നും ആവശ്യമായ മുങ്ങൽ വിദഗ്ദ്ധരെ ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

3. കുഴൽകിണറിനകത്ത് വീണ് അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി 'ഹൈഡ്രോളിക് റസ്ക്യൂ റ്റൂളും' അടിയന്തിരമായി രക്ഷപെടുത്തുവാൻ അന്തർദേശീയമായി ലഭ്യമായ ഏറ്റവും അത്യാധുനിക സാങ്കേതിക സംവിധാനം ഏർപ്പെടുത്തണമെന്നും ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നിലവിലുള്ള ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണോ എന്ന് പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4. തകർന്ന കെട്ടിടങ്ങൾക്കിടയിൽ കുടുങ്ങിയവരെയും കരിങ്കൽ ക്വാറികളിൽ അപകടത്തിൽപ്പെടുന്നവരെയും രക്ഷപ്പെടുത്തുന്നതിനായി തെർമൽ ഇമേജിംഗ് ക്യാമറ, ഗ്രൗണ്ട് പെനീട്രേറ്റിംഗ് റഡാർ എന്നിവ അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. രക്ഷാ പ്രവർത്തനങ്ങൾക്ക് അസ്ക ലൈറ്റുകൾ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, പുഷ്ക്യാമറകൾ, ഇമേജിംഗ് ഇലക്ട്രിക് കൺടക്ടിവിറ്റി മീറ്ററുകൾ എന്നിവയും ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. രക്ഷാ പ്രവർത്തനം നടത്തുന്നതിനാവശ്യമായ ഈ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദഗ്ധ്യം ലഭിച്ച സാങ്കേതിക വിദഗ്ധരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. അടിയന്തിരമായി ദുരന്തനിവാരണം നടത്തുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റും, ഫയർ, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളും തമ്മിൽ

GPRS, സാറ്റലൈറ്റ് ഫോൺ സംവിധാനം എന്നിവ ഉപയോഗിച്ചുള്ള ആധുനിക കമ്മ്യൂണിക്കേഷൻ സിസ്റ്റം ഉണ്ടാകേണ്ടതും എല്ലാ ഫയർ സ്റ്റേഷനുകളും ജില്ലാ കളക്ട്രേറ്റുകളും തമ്മിൽ ഒരു സംയോജിത പ്രവർത്തനം ഉണ്ടാകേണ്ടതും ആവശ്യമാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2011ആഗസ്റ്റ് 20.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*